സർക്കാർ-സ്വകാര്യ ഡോക്ടർമാർ നടത്തുന്ന ക്രമവിരുദ്ധ പ്രവർത്തനം

76 (2627) <u>ശ്രീമതി കെ. എസ്. സലീഖ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സർക്കാർ/സ്വകാര്യ ആശുപത്രികളിലെ ഡോക്ടർമാർ ആരോഗ്യത്തിന് ഹാനികരമാംവിധം ആവശ്യമില്ലാത്ത മരുന്നുകൾ നിർദ്ദേശിക്കുന്നത് ശ്രദ്ധയിൽപ്പെട്ടുവോ; വിശദാംശം വ്യക്തമാക്കാമോ ;

(ബി) പാർശ്വഫലം പരിഗണിക്കാതെയുള്ള മരുന്നുകളും ആവശ്യമില്ലാത്ത ആന്റിബയോട്ടിക്കുകളും വിലകൂടിയ വിറ്റാമിൻ ഗുളികകളും മരുന്ന കമ്പനികളുടെ കമ്മീഷൻ വാങ്ങാനായി മാത്രം ഡോക്ടർമാർ കുറിച്ചു നൽകുന്നതും ശ്രദ്ധയിൽപ്പെട്ടുവോ ;

(സി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട് ഈ സർക്കാർ വന്നതിനു ശേഷം നാളിതുവരെ എത്ര ഡോക്ടർമാർക്കെതിരെ നടപടി സ്വീകരിച്ചുവെന്നും ഇവ തടയുവാൻ ഡോക്ടർമാർക്ക് എന്തൊക്കെ നിർദ്ദേശങ്ങൾ നൽകിയെന്നും വ്യക്തമാക്കുമോ ;

(ഡി) മറ്റുള്ള ആൾക്കാരെക്കൊണ്ട് മരുന്നു വിതരണം നടത്തുന്നവരായും മറ്റ് ലൈസൻസികളുടെ പേരിൽ മെഡിക്കൽ ഷോപ്പുകൾ നടത്തുന്നവരായും കണ്ടെത്തിയ എത്ര ഡോക്ടർമാർ സംസ്ഥാനത്ത് ഉണ്ടെന്ന് വ്യക്തമാക്കുമോ ; അവർ ആരെല്ലാം ;

(ഇ) ഒരു രോഗവുമായി ഡോക്ടറെ കാണുമ്പോൾ സമാന സ്വഭാവമുള്ള ഒന്നിലേറെ രോഗങ്ങൾക്ക് മരുന്നു നൽകുന്ന രീതി സംസ്ഥാനത്ത് പല ഡോക്ടർമാരും നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടുവോ; വിശദാംശം വ്യക്തമാക്കുമോ ;

(എഫ്) ആരോഗ്യവകുപ്പിന്റെ നടപ്പിലായ ഡോക്ടർമാർ നടത്തുന്ന ഇത്തരം ക്രമവിരുദ്ധ പ്രവർത്തനം നിയന്ത്രിക്കാൻ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ-സി) ഇപ്രകാരം വ്യാപകമായി ഒരവസ്ഥ നിലവിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഒറ്റപ്പെട്ട സംഭവം റിപ്പോർട്ട് ചെയ്തിട്ടുള്ളതിന്മേൽ താഴെപ്പറയും പ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ട് :

മലപ്പുറം നിലമ്പൂർ താലൂക്ക് ആശുപത്രിയിലെ ജൂനിയർ കൺസൾട്ടന്റ് (ഫിസിഷ്യൻ) ഡോ. ഷിനാസ് ബാബു, ഇൻജക്ഷൻ ലാകും എസ്.ബി എന്ന മരുന്ന്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വിപണിയിൽ ഇറക്കുന്ന "ലെനക്" കമ്പനിയുമായി ഒത്തുചേർന്ന് സാമ്പത്തിക നേട്ടത്തിനുവേണ്ടി അനാവശ്യമായി മരുന്നുകൾ എഴുതുന്നതായും പ്രൊപ്പൊഗാന്റ മെഡിസിൻ നിർദ്ദേശിക്കുന്നതായും വ്യാപകമായി പരാതി ഉയർന്നിരുന്നു. ടി ഡോക്ടർ ഇപ്പോൾ സസ്പെൻഷനിലാണ്. ടി ഡോക്ടർക്കെതിരെ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തിവരികയാണ്.

ഇത്തരം പരാതികൾ ഉണ്ടാകാതിരിക്കുവാൻ മരുന്നുകൾ കുറിച്ചു നല്കുമ്പോൾ ജനറിക് പേരുകൾ മാത്രം കുറിച്ചു നല്കണമെന്ന മാർഗ്ഗ നിർദ്ദേശങ്ങൾ നിലവിലുണ്ട്.

(ഡി) പാലക്കാട് ജില്ലയിലെ കൊപ്പം സി.എച്ച്.സി.-യിലെ അസിസ്റ്റന്റ് സർജനായ ഡോ. പി. ഉബൈദുള്ള, അദ്ദേഹത്തിന്റെ ഭാര്യയും തിരുവേഗപ്പുറം പി.എച്ച്.സി.-യിലെ അസിസ്റ്റന്റ് സർജനുമായ ഡോ. ആശ ജലാൽ എന്നിവർക്കെതിരെ അവർ താമസിക്കുന്ന വസതിയിൽ മരുന്നുകൾ വാങ്ങി സൂക്ഷിച്ചതിനും അവിടെ എത്തുന്ന രോഗികൾക്ക് മരുന്നു നൽകി വില ഈടാക്കിയതിനും നിശ്ചിത യോഗ്യതയില്ലാത്ത ജീവനക്കാരനെ രോഗികൾക്ക് മരുന്ന് നൽകുന്നതിന് നിയോഗിച്ചതിനും ഡ്രഗ്സ് കൺട്രോൾ നിയമങ്ങൾ ലംഘിച്ചതിന്റെ അടിസ്ഥാനത്തിൽ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട്.

പാലക്കാട് ജില്ലാ ആശുപത്രിയിലെ നേത്രരോഗ വിദഗ്ധനായ ഡോ. എ. രോഹൻ ത്വക്ക് രോഗ വിദഗ്ധയായ ഭാര്യ ഡോ. ലളിക രോഹന്റെ പേരിൽ കണ്ണടക്കടയും ലൈസൻസില്ലാതെ മെഡിക്കൽ സ്റ്റോറും നടത്തുന്നത് കണ്ടെത്തുകയുണ്ടായി. ഇപ്രകാരം കണ്ണടക്കടയും മെഡിക്കൽ സ്റ്റോറും നടത്തുന്നത് ഒഴിവാക്കാൻ ഡോ. രോഹന് നിർദ്ദേശം നല്കിയിട്ടുണ്ട്.

(ഇ) ഇത്തരം പരാതികൾ ലഭിച്ചിട്ടില്ല.

(എഫ്) ആരോഗ്യ വകുപ്പ്തലത്തിൽ ഇത്തരം പരാതികൾ ലഭിച്ചാൽ ആരോഗ്യ വകുപ്പിന്റെ സംസ്ഥാന വിജിലൻസ് വിഭാഗവും ജില്ലാ മെഡിക്കൽ ഓഫീസർ തലത്തിലും അന്വേഷണം നടത്തുകയും നടപടികളെടുക്കുകയും ചെയ്യുന്നുണ്ട്.

സംസ്ഥാനത്ത് ജീവിത ശൈലീരോഗങ്ങൾ

77 (2628) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ജീവിതശൈലീ രോഗങ്ങൾ വർദ്ധിക്കുന്നതായി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;